ശ്രീ. എ. വി. ആര്യൻ: ഈ അസംബ്ലിയിൽ പിൻവാതിലിൽകൂടി അകത്തുകയറുക എന്ന ഏറ്റവും വലിയ അഴിമതിചെയ്തിട്ടുള്ള മുഖ്യമന്ത്രിയുടെ പേരിൽ അന്വേഷണം നടത്താൻ ദയവുണ്ടാകുമോ?

മി. സ്പീക്കർ: ആ ചോദ്യത്തിന് ഉത്തരം പറയേണ്ട.

ശ്രീ. എം. കെ. എ. ഹമീദ്: നിരുത്തരവാദപരമായി അഴിമതിയാരോപണം ഉന്നയിക്കാനുള്ള സാധ്യതയുണ്ടെന്നും, അതു തടയാനാണ് 500 ഉറുപ്പിക കെട്ടിവയ്ക്കണമെന്നുള്ള നിബന്ധന വച്ചിട്ടുള്ളതെന്നും മുഖ്യമന്ത്രി പറഞ്ഞു. ഇത്തരത്തിലുള്ള നിരുത്തരവാദപരമായ നടപടികളും തടയുന്നതിനു വേണ്ടി നിരുത്തരവാദപരമായിട്ടാണു് ആരോപണം ഉന്നയിച്ചിട്ടുള്ളതെന്നു തെളിയുകയാണെങ്കിൽ അങ്ങനെയുള്ളവരെ ശിക്ഷിക്കുന്നതിനുള്ള നിബന്ധന നിയമത്തിൽ വച്ചുകൂടെ?

ശ്രീ. സി. അച്യുതമേനോൻ: പബ്ലിക്മെൻ എൻക്വയറീസ് ആക്ട് അവസാനം പാസാക്കുന്ന അവസരത്തിൽ ഈ നിർദ്ദേശത്തെപ്പറ്റി പരിഗണിക്കുന്നതാണ്. അതിനുമുൻപുവേണമെങ്കിൽ അന്വേഷണ വിധേയമായിട്ടുള്ള ആളുകൾക്ക് കോടതിവിധി വന്നതിനുശേഷം മലീഷ്യസ് പ്രോസിക്യൂഷൻ അനുസരിച്ച് ചിലപ്പോൾ ആരോപണം ഉന്നയിച്ച ആളുടെ പേരിൽ നടപടിയെടുക്കാൻ സാധ്യതയുണ്ടെന്നു തോന്നുന്നു.

ഡ്യൂട്ടി ഇളവ്

* 3. [3] ശ്രീ. എൻ. പ്രഭാകരത്തണ്ടാർ :
ശ്രീ. ഈ. ബാലാനന്ദൻ :
ശ്രീ. ടി. കെ. രാമകൃഷ്ണൻ :
ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ :
ശ്രീ. വി. എസ്. അച്യുതാനന്ദൻ :
ശ്രീ. വി. ശ്രീധരൻ :
ശ്രീ. ഈ. വി. കുമാരൻ :
ശ്രീ. എ. പി. കുര്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഏതെങ്കിലും സ്ഥാപനങ്ങൾക്ക് എസ്റ്റേറ്റു ഡ്യൂട്ടിയോ സ്റ്റാമ്പ് ഡ്യൂട്ടിയോ ഇളവുചെയ്തു കൊടുത്തിട്ടുണ്ടോ;

(ബി) ബ്രൈമൂർ, ഗാന്ധിമതി, എന്നീ എസ്റ്റേറ്റുകളുടെ ഉടമാവകാശം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത്;

(സി) പ്രസ്തുത എസ്റ്റേറ്റുടമകളും ഗവൺമെന്റിലേക്ക് അടയ്ക്കേണ്ട സ്റ്റാമ്പു ഡ്യൂട്ടി മുഴുവൻ അടച്ചു തീർത്തിട്ടുണ്ടോ ;

(ഡി) പ്രസ്തുത എസ്റ്റേറ്റുകളും ഒരു കമ്പനിക്ക് തീറു കൊടുത്തു എന്നറിയുന്നത് ശരിയാണോ ;

(ഇ) ആണെങ്കിൽ പ്രസ്തുത കമ്പനിയുടെ പാർട്ടണേഴ്സ് ആരൊക്കെയാണ്;

(എഫ്) പുതുതായി വാങ്ങുന്ന എസ്റ്റേറ്റുകൾക്ക് ആദായനികുതിയിനത്തിൽ എന്തെങ്കിലും ആനുകൂല്യം ചെയ്തുകൊടുക്കാറുണ്ടോ;

(ജി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്): (എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സ്റ്റാമ്പു ഡ്യൂട്ടി ഇളവുചെയ്തു കൊടുത്തിട്ടില്ല. എസ്റ്റേറ്റു ഡ്യൂട്ടി സംബന്ധിച്ചുള്ള വിവരം ശേഖരിച്ചു വരുന്നതേയുള്ളു.

(ബി മുതൽ ജി വരെ) വിവരം ശേഖരിച്ചുവരുന്നുണ്ട്.

ചെക്പോസ്റ്റുകൾ

* 4. [4] ശ്രീ. കെ. പുരുഷോത്തമൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എതെങ്കിലും ഭക്ഷ്യധാന്യ വിനിമയ നിയന്ത്രണ ചെക്പോസ്റ്റുകൾ നിർത്തൽ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം?

റവന്യൂമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്): (എ) ഉണ്ട്.

(ബി) സംസ്ഥാനത്തിനകത്തെവിടേയും ഭക്ഷ്യധാന്യം കൊണ്ടു പോകുന്നതിനു തടസ്സമായി സ്ഥിതിചെയ്തിരുന്ന എല്ലാ ചെക്പോസ്റ്റുകളും നിരുത്തൽ ചെയ്യാൻ ഉത്തരവു കൊടുത്തിരുന്നു. വിളവെടുപ്പു പൂർത്തിയാകാത്ത തെക്കും വടക്കും വയനാടും താലൂക്കുകൾ ഒഴികെ മറെല്ലാ സ്ഥലങ്ങളിലും ഇത് പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. വിളവെടുപ്പുകാലത്ത് ആവശ്യമെന്നു തോന്നുന്ന സ്ഥാനങ്ങളിൽ ചെക്പോസ്റ്റുകൾ വീണ്ടും സ്ഥാപിക്കുന്നതിനും നിർദ്ദേശം കൊടുത്തിരുന്നു. സംസ്ഥാനത്തിനകത്ത് ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുന്നതിന് കളക്ടർ താഴെ പറയുന്ന ചെക്പോസ്റ്റുകൾ നീക്കം ചെയ്തു.

പാലക്കാട്—18, തൃശൂർ—10, ആലപ്പുഴ—7.

ചെക്പോസ്റ്റുകൾ നീക്കം ചെയ്തതുകൊണ്ട് പൊതുവിൽ അരിവില അൽപ്പസ്വൽപ്പം കുറഞ്ഞിട്ടുണ്ട്. എന്നാൽ പാലക്കാട്ടു ജില്ലയിൽ ഏതാണ്ട് 10 ശതമാനം വില വർദ്ധിച്ചിട്ടുണ്ട്. തൃശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ ഏതാണ്ട് 5 ശതമാനവും വില വർദ്ധിക്കുകയുണ്ടായി.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): പാലക്കാട്ടുജില്ലയിൽനിന്നെടുത്ത 18 ചെക്പോസ്റ്റുകൾ എത്ര ദിവസത്തേക്കാണ് എടുത്തത്; ഇപ്പോൾ ചെക്പോസ്റ്റുകൾ വീണ്ടും ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: കൊയ്ത്താരംഭിച്ച അന്നുമുതൽ അതായത് 1970 ജനുവരി മുതൽ വീണ്ടും അവിടെ ചെക്പോസ്റ്റുകൾ സ്ഥാപിച്ചിരിക്കുകയാണ്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): വെറും 20 ദിവസത്തേക്കുമാത്രം ചെക്പോസ്റ്റുകൾ എടുക്കുകയും വീണ്ടും വയ്ക്കുകയും ചെയ്തത് ചില മൊത്ത കൃഷിക്കാരെ സഹായിക്കാനല്ലേ?

ശ്രീ. കെ. ടി. ജേക്കബ്: ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന ഉടൻ തന്നെ ഈ പ്രശ്നത്തെപ്പറ്റി ചർച്ചചെയ്തു. എത്രയും വേഗം സാധിക്കണമെന്നു വച്ചുകൊണ്ട് ഉടനെ സ്ഥാപിച്ചതാണ്. കൊയ്ത്തുകാലം ആരംഭി

LIBRARY ARCHIVES Kerala Legislative Assembly